# സസ്യാഹാരശീലം

**എം.കെ.ഗാന്ധി**

മാംസാഹാരം ശീലമാക്കിയ കുടുംബത്തിൽ പിറന്ന ഒരു പത്രലേഖകന് അച്ഛനമ്മമാരുടെ പ്രേരണയെ വിജയപൂർവ്വം തരണം ചെയ്ത് സസ്യാഹാരത്തിൽ ഉറച്ചുനിൽക്കാൻ കഴിഞ്ഞു. "പക്ഷേ" അയാൾ പറയുന്നു: "എന്റെ മുന്നിലിരിയ്ക്കുന്ന ഒരു പുസ്തകത്തിൽ സ്വാമി വിവേകാനന്ദൻ ഈ വിഷയത്തെക്കുറിച്ച് പറഞ്ഞിരിക്കുന്ന അഭിപ്രായം എന്റെ വിശ്വാസദാർഢ്യത്തെ പിടിച്ചുലയ്ക്കുന്നു.

ഇന്ത്യയുടെ ഇന്നത്തെ സ്ഥിതിയിൽ ഓരോരുത്തരും മാംസം കഴിക്കേണ്ടത് ആവശ്യമാണെന്ന് പ്രസ്താവിച്ച സ്വാമി തന്റെ സുഹൃത്തുക്കളെ ഇഷ്ടംപോലെ മാംസം കഴിക്കാൻ ഉപദേശിക്കുകയും ചെയ്യുന്നു. ഒരു പടികൂടി കടന്ന് അദ്ദേഹം ഇത്രയും കൂടി പറയുന്നു: 'അതുകൊണ്ട് എന്തെങ്കിലും പാപം സംഭവിക്കുകയാണെങ്കിൽ അത് എനിക്കുനേരെ വിട്ടേക്കൂ. ഞാൻ സഹിച്ചുകൊള്ളാം'. മാംസം കഴിക്കണമോ വേണ്ടയോ എന്ന കാര്യത്തിൽ ഞാനിപ്പോൾ ആകെ ആശയക്കുഴപ്പത്തിലാണ്".

മഹാൻമാരെ അന്ധമായി അനുകരിക്കുന്നത് മാനസിക ദൗർബല്ല്യത്തിന്റെ ലക്ഷണമാണ്. മാംസം കഴിക്കുന്നത് ശരിയല്ലെന്ന് ലേഖകന് ഉറച്ച വിശ്വാസമുണ്ടെങ്കിൽ അതിന് നേരെ വിപരീതമായുള്ള ഒരഭിപ്രായം വായിച്ചതുകൊണ്ട് ചഞ്ചലനാകുന്നതെന്തിന്? വിശ്വാസപ്രമാണങ്ങൾ ഉറപ്പിക്കുന്നത് വളരെ സാവകാശത്തിലാവണം. ഒരിക്കൽ അത് ഉറപ്പിച്ചു കഴിഞ്ഞാൽ അതിനെതിരെയുണ്ടാവുന്ന ഏത് പ്രലോഭനങ്ങളെയും പ്രതിരോധിക്കാൻ കഴിയണം.

സ്വാമി വിവേകാനന്ദൻ എഴുതിയതെന്താണെന്ന് ഞാൻ വായിച്ചിട്ടില്ല. പക്ഷേ, ലേഖകൻ ഉദ്ദേശിച്ചിരിക്കുന്നത് ശരിയായിട്ടാണെന്ന് ഞാൻ കരുതുന്നു. എന്നാൽ എന്റെ അഭിപ്രായം വ്യക്തമാണ്. ഒരു സാധാരണ മനുഷ്യന് ഏതവസ്ഥയിലും ഏത് സാഹചര്യത്തിലും മാംസാഹാരം ആവശ്യമില്ല എന്നാണ് എന്റെ നിഗമനം. മനുഷ്യവർഗ്ഗത്തിന് മാംസാഹാരം തീരെ അനുയോജ്യമല്ല എന്നും ഞാൻ കരുതുന്നു. നാം പ്രപഞ്ചത്തിലെ മറ്റ് ജീവജാലങ്ങളെക്കാൾ ശ്രേഷ്ഠരാണെങ്കിൽ അധോമണ്ഡലത്തിലെ ജീവികളെ അനുകരിക്കുന്നത് തെറ്റാണ്. ആസക്തികളെ അമർച്ച ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് മാംസാഹാരം അനുയോജ്യമല്ലെന്ന് അനുഭവങ്ങൾ പഠിപ്പിക്കുന്നു.

സ്വഭാവരൂപീകരണത്തിൽ ആഹാരത്തിനുള്ള പങ്കിനെ അധികരിച്ചു കാണുകയോ മാംസാഹാരത്തെ ഒന്നടങ്കം ആക്രമിക്കുകയോ ചെയ്യുന്നത് ശരിയല്ല. ആഹാരക്രമം അതിപ്രധാനമായ ഒരു ഘടകം തന്നെയാണ്. അതിനെ അവഗണിക്കാൻ ആവില്ല. പക്ഷേ, ഇന്ത്യയിൽ പലപ്പോഴും നാം ആഹാരകാര്യത്തെ മാത്രം അടിസ്ഥാനമാക്കി മതത്തിന്റെ മഹത്വം നിർണ്ണയിക്കാറുണ്ട്, ഭക്ഷണം ഓരോരുത്തരുടെയും അഭിരുചിയുടെ കാര്യമാണെന്ന ന്യായേന ആഹാരനിയന്ത്രണം അനാവശ്യമാണെന്ന് വാദിക്കുന്നതുപോലെ തന്നെ ഇതും തെറ്റാണ്. ഹിന്ദുമതത്തിന്റെ വിലമതിക്കാനാവാത്ത സംഭാവനകളിൽ ഒന്നാണ് സസ്യാഹാരക്രമം. അത്ര ലാഘവത്തോടെ ഉപേക്ഷിക്കാനാവില്ല. സസ്യാഹാരം നമ്മുടെ മനസ്സിനെയോ ശരീരത്തേയോ ദുർബലപ്പെടുത്തുമെന്നും പ്രവൃത്തിയിൽ നിരുത്സാഹമോ അലസതയോ സൃഷ്ടിക്കുമെന്നുള്ള മിഥ്യാധാരണകൾ നാം തിരുത്തേണ്ടിയിരിക്കുന്നു. മഹാൻമാരായ ഹിന്ദുമത പരിഷ്കർത്താക്കളൊക്കെ അവരുടെ തലമുറയിലെ ഊർജസ്വലരായ പ്രവർത്തകരായിരുന്നു. അവരെല്ലാംതന്നെ സസ്യാഹാരികളും ആയിരുന്നു. ശ്രീ ശങ്കരനെയും ദയാനന്ദനെയുംകാൾ ഊർജസ്വലരായി പ്രവർത്തിച്ചവർ ആ തലമുറയിൽ മറ്റെത്രപേരുണ്ട്?




എന്നാൽ; ലേഖകൻ എന്നെ ഇക്കാര്യത്തിൽ ആധികാരിക വക്താവായി കണക്കാക്കേണ്ടതില്ല. ആഹാരകാര്യത്തിലുള്ള ഒരാളുടെ ഇഷ്ടം വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാകരുത്. അത് ഓരോരുത്തരുടെയും സ്വയം പ്രേരണയുടെ കാര്യമാണ്. സസ്യാഹാരക്രമത്തെകുറിച്ചുള്ള പ്രസിദ്ധീകരണങ്ങൾ ഈയിടെ, വിശേഷിച്ചും പാശ്ചാത്യനാടുകളിൽ, ധാരാളമായി പ്രചരിച്ചു വരുന്ന എന്ന കാര്യം സത്യാന്വേഷികളായ ഓരോരുത്തരും അറിഞ്ഞിരിക്കേണ്ടതാണ്. വൈദ്യശാസ്ത്രരംഗത്തെ പല പ്രമുഖരും ഇക്കാര്യത്തിൽ കാര്യമായ സംഭാവന ചെയ്തിട്ടുണ്ട്. ഇവിടെ, നമ്മുടെ ഭാരതത്തിൽ, സസ്യാഹാരത്തിന്റെ കാര്യത്തിൽ വിശേഷിച്ചൊരു പ്രേരണയുടെ ആവശ്യമില്ല. ഇന്നും ഏറ്റവും അഭിലഷണീയവും ആദരണീയവുമായ കാര്യമായി നാമതിനെ അംഗീകരിക്കുന്നു. നമ്മുടെ ലേഖകനെപ്പോലെ ഇക്കാര്യത്തിൽ ചാഞ്ചല്ല്യമുണ്ടായിട്ടുള്ളവർ പാശ്ചാത്യനാടുകളിൽ വളർന്നു വരുന്ന സസ്യാഹാര പ്രസ്ഥാനത്തെക്കുറിച്ച് പഠിക്കണം.

*യങ് ഇന്ത്യ, 7-10-1926.*

നാം ആഹാരം കഴിക്കുന്നത് രുചിയെ തൃപ്തിപ്പെടുത്താൻ ആയിരിക്കരുത്; ശരീരം നിലനിർത്താൻ ആവണം. എപ്പോഴാണോ നമ്മുടെ ഇന്ദ്രിയങ്ങളിൽ ഓരോന്നും ശരീരത്തിനും അതുവഴി ആത്മാവിനും അടിമപ്പെടുന്നത് അപ്പോൾ അതിന്റെ പ്രത്യേക സ്വഭാവങ്ങൾ അപ്രത്യക്ഷമാവുകയും പ്രകൃതിനിയോഗം നിറവേറ്റാൻ സജ്ജമാവുകയും ചെയ്യുന്നു.

ഗാന്ധിജിയുടെ സസ്യാഹാരനിഷ്ഠയുടെ ധാർമികാടിസ്ഥാനം.

പ്രകൃതിയുമായുള്ള ഈ ഇണങ്ങിച്ചേരൽ കൈവരിക്കുന്നതിന് നടത്തുന്ന പരീക്ഷണങ്ങൾ എത്രയൊക്കെയാണെങ്കിലും അവ വളരെ പരിമിതമാണ്; അനുഭവിക്കുന്ന ത്യാഗങ്ങൾ ഒരിക്കലും അധികമാവില്ല. എന്നാൽ, നിർഭാഗ്യമെന്നുപറയട്ടെ, ഇക്കാലത്ത് നേരെ എതിർദിശയിലേക്കാണ് ഒഴുക്ക്. നാശോന്മുഖമായ ഭൗതികശരീരത്തിന്റെ ക്ഷണികമായ സുഖസൗകര്യങ്ങൾക്കുവേണ്ടി മറ്റു ജീവികളെ ഉപദ്രവിക്കാനും നശിപ്പിക്കാനും നമുക്ക് യാതൊരു ലജ്ജയുമില്ല. അതിന്റെ ഫലമായി നാം നമ്മുടെ തന്നെ ശരീരത്തിനെയും ആത്മാവിനെയും നശിപ്പിക്കുകയാണ്.

ഒരു പഴയ രോഗത്തെ ഇല്ലാതാക്കാനുള്ള ശ്രമത്തിൽ നൂറു പുതിയ രോഗങ്ങൾക്ക് ജന്മം നൽകുന്നു; ഇന്ദ്രിയസുഖം ആസ്വദിക്കാനുള്ള യത്നത്തിൽ നമ്മുടെ ശരിയായ ആസ്വാദനശേഷി തന്നെ നഷ്ടമാകുന്നു. ഇതെല്ലാം നമ്മുടെ കൺമുന്നിൽതന്നെ നടക്കുന്നു. നേരിട്ടുകാണാൻ കഴിയാത്തതായി ഒന്നുമില്ല.

*ആത്മകഥ, പുറം. 237*

"ഒരുവന്റെ സ്വഭാവം അവന്റെ ഭക്ഷണത്തെ ആശ്രയിച്ചിരിക്കുന്നു" എന്ന ചൊല്ലിൽ വലിയൊരളവിൽ സത്യമുണ്ട്. നമ്മുടെ ആഹാരം എത്രമാത്രം മോശമാകുന്നോ അത്രത്തോളം ശരീരവും മോശമാകുന്നു.

*ഹരിജൻ, 5-8-1933.*

നമ്മുടെ ശാരീരികമായ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതിന് നമ്മുടെ സഹജീവികളെ കൊല്ലുന്നത് അവസാനിപ്പിക്കണമെന്ന് ആത്മീയമായ വളർച്ചയുടെ ഒരു ഘട്ടത്തിൽ അനിവാര്യ ആവശ്യമായി മാറുമെന്ന് ഞാൻ വിചാരിക്കുന്നു. സസ്യാഹാരത്തോടുള്ള എന്റെ ഭ്രമത്തെക്കുറിച്ച് പറയുമ്പോൾ എന്റെ മനസ്സിൽ ഓടിയെത്തുന്നത് ഗോൾഡ്സ്മിത്തിന്റെ മനോഹരമായ വരികളാണ്. അതിന്റെ ആശയം ഇങ്ങനെ സംഗ്രഹിക്കാം:

"താഴ്വരയിൽ സ്വച്ഛന്ദം ചുറ്റിത്തിരിയുന്ന ആട്ടിൻപറ്റങ്ങളെ,
കശാപ്പുചെയ്യാൻ ഞാനാളല്ല.
എന്നിൽ കരുണ ചൊരിഞ്ഞ സർവ്വശക്തൻ
എന്നോടു പറയുന്നു:ഞാനും അവയോട് കരുണകാട്ടണമെന്ന്."

India's Case for swaraj·
പുറം. 402- 403